# പോലീസ് വകുപ്പ്
# കേരളം

**No.H1-65406/2022/DR**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031
തീയതി.31-10-2023

**DO No. 641/2023/ഡി ആർ**

വിഷയം : അച്ചടക്ക നടപടി-ശ്രീമതി.സിനി.പി, CPO D 8405(PEN 265294), അത്തോളി പി.എസ്, കോഴിക്കോട് റൂറൽ എന്നവർക്കെതിരെയുള്ള വാക്കാലന്വേഷണം (H1/PR-14/2022 DR)- പി.ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1) 14/12/2022 തിയ്യതിയിലെ H1/65406/2022/DR നമ്പർ ഉത്തരവ്
2) 16/09/2023 തിയ്യതിയിലെ H1/65406/2022/DR നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ശ്രീമതി. സിനി.പി (PEN 265294), CPO 8405** എന്നവർ 29/05/2019 തിയ്യതിയിലെ DO No.313/2019 DR നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത്തോളി പോലീസ് സ്റ്റേഷനിൽ 29/05/2019 മുതൽ ഡ്യൂട്ടിയ്ക്ക് ഹാജരാവുകയും, 01/06/2019 മുതൽ 08/09/2019 വരെ 100 ദിവസത്തെ മെഡിക്കൽ അവധി കഴിഞ്ഞതിന് ശേഷം 09/09/2019 തിയ്യതി ഡ്യൂട്ടിക്ക് ഹാജരാവുകയും, 5 ദിവസം കഴിഞ്ഞു വീണ്ടും 14/09/2019 തിയ്യതി മുതൽ മെഡിക്കൽ അവധിയിൽ പ്രവേശിക്കുകയും 101 ദിവസങ്ങൾക്ക് ശേഷം 24/12/2019 തിയ്യതി ഡ്യൂട്ടിയിൽ പ്രവേശിക്കുകയും, ഉടർന്ന 29/12/2019 തിയ്യതി മുതൽ മെഡിക്കൽ അവധിയിൽ പ്രവേശിച്ച് 24/02/2020 തിയ്യതി ഡ്യൂട്ടിയിൽ പ്രവേശിക്കുകയും, വീണ്ടും 29/02/2020 തിയതി മുതൽ മെഡിക്കൽ അവധിയിൽ പ്രവേശിക്കുകയും 21/06/2020 തിയ്യതി ഡ്യൂട്ടിയിൽ പ്രവേശിക്കുകയും, ഉടർന്ന 06/07/2020 മുതൽ മെഡിക്കൽ അവധിയിൽ പ്രവേശിക്കുകയും 31/10/2026 തിയ്യതി ഡ്യൂട്ടിയിൽ പ്രവേശിക്കുകയും, 13/11/2020 തിയതി മുതൽ വീണ്ടും മെഡിക്കൽ അവധിയിൽ പ്രവേശിക്കുകയും ഉടർന്ന 09/12/2020 തിയ്യതി ഡ്യൂട്ടിയിൽ പ്രവേശിക്കുകയും, 18/12/2020 മുതൽ 105 ദിവസത്തേക്കു വീണ്ടും മെഡിക്കൽ അവധിയിൽ പ്രവേശിക്കുകയും, 02/04/2021 തിയ്യതി ഡ്യൂട്ടിക്ക് ഹാജരായി 40 ദിവസങ്ങൾക്ക് ശേഷം 12/05/2021 തിയ്യതി മുതൽ നാളിഉവരെയും മെഡിക്കൽ അവധിയിൽ ഉടർന്നു വരികയുമാണ്.

കൃത്യമായ രേഖകൾ ഹാജരാക്കാതെയും, ഡ്യൂട്ടിയ്ക്ക് ഹാജരാകാൻ പറ്റാത്ത അസുഖങ്ങൾ ഒന്നും ഇല്ലാതെയും ദീർഘകാലമായി മെഡിക്കൽ അവധിയിൽ ഉടർന്ന് ഒരു അച്ചടക്ക സേനയിലെ അംഗത്തിന് നിരക്കാത്ത വിധം ഗുരുതരമായ അച്ചടക്ക ലംഘനവും, കൃത്യവിലോപവും കാണിച്ചതായി ബോധ്യമായതിനാൽ സൂചന 1 പ്രകാരം ടിയാൾക്കെതിരെ ഒരു വാക്കാലന്വേഷണം ഉത്തരവാകുകയും, അന്വേഷണം നടത്തി പി.ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് പോലീസ് ഇൻസ്പെക്ടർ, കാക്കൂർ പി.എസ്സിനെ ചുമതലപ്പെടുത്തുകയുമുണ്ടായി.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി.ആർ.മിനുട്സും, അനുബന്ധരേഖകളും ഞാൻ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപണ മെമ്മോയിൽ ടിയാൾക്കെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വിശദമായ വാക്കാലന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തോട് യോജിച്ചുകൊണ്ട് ടിയാൾ ചെയ്ത കുറ്റത്തിനുള്ള ശിക്ഷയായി, ടിയാൾ അനധികൃതമായി അവധിയിൽ പ്രവേശിച്ച 12/05/2021 തിയ്യതി പൂർവാഹം മുതൽ ടിയാളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും സൂചന 2 പ്രകാരം ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

നിശ്ചയിച്ച സമയപരിധി കഴിഞ്ഞിട്ടും പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് നാളിതുവരെയായി ടിയാൾ വിശദീകരണമൊന്നും സമർപ്പിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ടിയാൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ മേൽപറഞ്ഞിട്ടുള്ള കുറ്റത്തിനുള്ള ശിക്ഷയായി 12/05/2021 തിയ്യതി പൂർവാഹ്നം ശ്രീമതി. സിനി.പി (PEN 265294), CPO 8405 എന്നവരെ സർവീസിൽ നിന്നും നീക്കം ചെയ്യുക എന്ന താൽക്കാലിക തീരുമാനം ഇതിനാൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാൾക്ക് ബഹു: കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

27-10-2023
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീമതി. സിനി.പി (PEN 265294), CPO 8405 എന്നവർക്ക് എസ്.എച്ച്.ഓ, അത്തോളി പി.എസ്, കോഴിക്കോട് റൂറൽ മുഖേന

പകർപ്പ് : 1) സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) എസ്.എച്ച്.ഓ, അത്തോളി പി.എസ്, കോഴിക്കോട് റൂറൽ നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും
3) അഡീഷണൽ എസ്.പി, എ.എ. മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്,സി.എ എന്നിവരുടെ അറിവിലേക്കായി
4) എ1 മുതൽ എ5 B, ബി1, ബി2, ബി3, എഫ് 1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
5) ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ